## വഴിവെളിച്ചം

# ജ്യോത്സ്യനെ സമീപിക്കുന്നവർ

عَنْ صَفِيَّةَ عَنْ بَعْضِ أَزْوَاجِ النَّبِيِّ ﷺ عَنِ النَّبِيِّ ﷺ قَالَ : مَنْ أَتَى عَرَّافًا فَسَأَلَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلَاةٌ أَرْبَعِينَ لَيْلَةً

സ്വഫിയ്യ(റ)യിൽനിന്ന്: നബി (സ) പറഞ്ഞു: "ആരെങ്കിലും ജ്യോത്സ്യനെ സന്ദർശിക്കുകയും വല്ല കാര്യവും അയാളോട് അന്വേഷിക്കുകയും ചെയ്താൽ, അയാളുടെ നാൽപത് രാത്രികളിലെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല" (മുസ്‌ലിം, അഹ്‌മദ്).

**അഭൗതികജ്ഞാനം** അല്ലാഹുവിന്റെ മാത്രം കഴിവിൽ പെട്ടതാണ്. സൃഷ്ടികളിലാർക്കും അതിൽ യാതൊരു പങ്കാളിത്തവുമില്ല. ദൃശ്യവും അദൃശ്യവും രഹസ്യവും പരസ്യവും ഒരുപോലെ അറിയുന്നവൻ അല്ലാഹു മാത്രം. പ്രവാചകന്മാർക്കോ പുണ്യപുരുഷന്മാർക്കോ ദൈവസാമീപ്യം സിദ്ധിച്ച മലക്കുകൾക്കോ ആർക്കുംതന്നെ അല്ലാഹുവിന്റേതുപോലുള്ള ജ്ഞാനമോ കഴിവോ ഇല്ല. ഖുർആൻ പറയുന്നു: "പറയുക: അല്ലാഹുവിനല്ലാതെ ആകാശഭൂമികളിലാർക്കും തന്നെ അഭൗതിക കാര്യങ്ങളറിയുകയില്ല" (27:65). "അഭൗതിക കാര്യങ്ങളുടെ താക്കോലുകൾ അല്ലാഹുവിന്റെ പക്കലാണ്; അവനല്ലാതെ മറ്റൊരാളും അതറിയുകയില്ല. കരയിലും കടലിലുമുള്ളതൊക്കെയും അവൻ അറിയുന്നു. അവനറിയാതെ ഒരില പോലും കൊഴിഞ്ഞുവീഴുന്നില്ല" (6:59).

അല്ലാഹുവിന്റേതിന് തുല്യമായ ജ്ഞാനവും കഴിവും സൃഷ്ടികൾക്കുണ്ടെന്ന് വിശ്വസിക്കൽ ഇസ്‌ലാം കഠിനമായി വിരോധിച്ച ശിർക്കും കുഫ്‌റുമാണ്. ഒരുനിലക്കും ദീൻ അതിനെ അംഗീകരിക്കുന്നില്ല. അഭൗതിക ജ്ഞാനം സൃഷ്ടികൾക്കുമുണ്ടെന്ന് വാദിക്കൽ അല്ലാഹുവിനെയും സൃഷ്ടികളെയും സമന്മാരാക്കുന്നതിന് തുല്യമാണ്. സൃഷ്ടി ശ്രേഷ്ഠനായ പ്രവാചകനോടു പോലും ഇപ്രകാരം പ്രഖ്യാപിക്കാൻ ഖുർആൻ ആഹ്വാനം നൽകുന്നു: "പ്രവാചകരേ, പറയുക: ഞാൻ എനിക്കു തന്നെ ഒരു ഗുണത്തിനോ ദോഷത്തിനോ അധികാരമില്ലാത്തവനാണ്. അല്ലാഹു എന്തിച്ഛിക്കുന്നുവോ അതു മാത്രം സംഭവിക്കുന്നു. ഞാൻ അതിഭൗതിക ജ്ഞാനമുള്ളവനായിരുന്നെങ്കിൽ ധാരാളം ഐശ്വര്യം എനിക്കു വേണ്ടി തന്നെ നേടുമായിരുന്നു; എനിക്കൊരിക്കലും ദോഷമേൽക്കുകയുമില്ല. എന്നാൽ ഞാനോ, എന്റെ സന്ദേശം അംഗീകരിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പുകാരനും ശുഭവാർത്ത കേൾപ്പിക്കുന്നവനും മാത്രമാകുന്നു" (7:188).

ഒരിക്കൽ ഒരു അൻസ്വാരി പെൺകുട്ടി, 'നാളത്തെ കാര്യങ്ങൾ അറിയുന്ന ഒരാൾ ഞങ്ങൾക്കിടയിലുണ്ട്' എന്ന് പ്രവാചകനെ ഉദ്ദേശിച്ച് പാട്ടുപാടിയപ്പോൾ അവിടുന്ന് ഇപ്രകാരം പറയുകയുണ്ടായി: "നിങ്ങൾ അങ്ങനെ പറയരുത്; നാളത്തെ കാര്യങ്ങൾ അല്ലാഹുവിനല്ലാതെ മറ്റൊരാൾക്കും തന്നെ അറിയില്ല" (ത്വബ്റാനി).

ഇത്തരം യാഥാർഥ്യങ്ങൾ വിസ്മരിക്കുകയും സൃഷ്ടികളെയും സ്രഷ്ടാവിനെയും ഒരുപോലെ കാണുകയും ചെയ്യുന്നവർക്കുള്ള ശക്തമായ താക്കീതാണ് ആദ്യം കൊടുത്ത പ്രവാചക വചനം. രോഗങ്ങളും ദുരിതങ്ങളും നീങ്ങിക്കിട്ടാനും ഭാവികാര്യങ്ങൾ അറിയാനുമൊക്കെ ജ്യോത്സ്യന്മാരെയും സിദ്ധന്മാരെയും സമീപിക്കുന്നവർ, തങ്ങളുടെ വിശ്വാസവും കർമങ്ങളുമാണ് സ്വയം നശിപ്പിക്കുന്നത്. ഏതൊരു ദൈവത്തിലാണോ വിശ്വസിക്കുന്നതെന്ന് അവർ അവകാശപ്പെടുന്നത്, ആ വിശ്വാസത്തിനും അതിന്റെ താൽപര്യങ്ങൾക്കുമെതിരാണ് അവരുടെ പ്രവർത്തനങ്ങൾ. അല്ലെങ്കിൽ എങ്ങനെയാണ് അല്ലാഹുവിന്റെ മുന്നിൽ മാത്രം സുജൂദ് ചെയ്യുകയും അവനെ മാത്രം വിളിച്ചു പ്രാർഥിക്കുകയും ചെയ്യുന്ന ഒരാൾക്ക് തന്നെപ്പോലെ ന്യൂനതകളും ദൗർബല്യങ്ങളുമുള്ള മറ്റൊരു സൃഷ്ടിയുടെ മുമ്പിൽ ഭക്തിപൂർവം തലകുനിക്കാനും ആവലാതി ബോധിപ്പിക്കാനും കഴിയുക? അല്ലാഹുവാണ് ഏറ്റവും ഉന്നതനെന്നും അവനല്ലാതെ ദൈവമില്ലെന്നും നിത്യേന ഉരുവിട്ടുകൊണ്ടിരിക്കുന്ന ഒരാൾക്ക് എങ്ങനെയാണ് നിമിഷ നേരത്തേക്കെങ്കിലും മറ്റൊരാളുടെ ദിവ്യത്വം അംഗീകരിക്കാനാവുക? അപ്രകാരം സാധിക്കുന്നുവെങ്കിൽ അതിനർഥം അയാളുടെ ദൈവവിശ്വാസം വെറും അവകാശവാദവും കാപട്യവുമാണ് എന്നത്രെ. അയാൾ ചെയ്യുന്ന നമസ്കാരങ്ങളും മറ്റു ആരാധനാ കർമങ്ങളും നിഷ്ഫലമായിത്തീരുന്നതുമാണ്.

'നാൽപത് ദിവസത്തെ നമസ്കാരങ്ങൾ സ്വീകരിക്കുകയില്ല' എന്നാണ് പ്രവാചകന്റെ മുന്നറിയിപ്പ്. അതിനർഥം ഒരു കർമവും സ്വീകരിക്കുകയില്ല എന്നാണ്! കാരണം നമസ്കാരം ഒരു വ്യക്തിയിൽനിന്നുണ്ടാവേണ്ട ഒന്നാമത്തെ കർമമാണ്. അതു തന്നെ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ, മറ്റൊരു കർമവും സ്വീകരിക്കപ്പെടുകയില്ല എന്നാണർഥം. ഒരാളുടെ നമസ്കാരങ്ങൾ സ്വീകാര്യമല്ലെങ്കിൽ ഇസ്‌ലാമിക സമൂഹത്തിൽനിന്ന് അയാൾ പുറന്തള്ളപ്പെടുന്നതിന് തുല്യമാണ്. നബി(സ) പറഞ്ഞു: "ആരെങ്കിലും ജ്യോത്സ്യനെ സന്ദർശിക്കുകയും അയാൾ പറഞ്ഞത് വിശ്വസിക്കുകയും ചെയ്താൽ അവൻ, മുഹമ്മദിന് അവതീർണമായതിൽ അവിശ്വസിച്ചു" (അബൂദാവൂദ്, തിർമിദി, ഹാകിം). "ജ്യോത്സ്യനെ സമീപിക്കുകയും അവനോട് കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തവന്റെ നാൽപത് ദിവസത്തെ പശ്ചാത്താപം തടയപ്പെടുന്നതാണ്! അതിൽ വിശ്വസിച്ചവനാകട്ടെ അവിശ്വാസിയാവുകയും ചെയ്തു!" (ത്വബ്റാനി).

ജ്യോത്സ്യന്മാരും പുണ്യ പുരുഷന്മാരും മുസ്‌ലിംകളാണെങ്കിൽ അവരെ സന്ദർശിക്കാമെന്നും അമുസ്‌ലിംകളാണെങ്കിൽ മാത്രമേ വിരോധമുള്ളൂ എന്നുമുള്ള പിഴച്ച ധാരണ ചിലർക്കുണ്ട്. ഈ ഹദീസിൽതന്നെ അതിന് മറുപടിയുണ്ട്.

*അർറാഫ്* എന്നാണ് ഹദീസിൽ പ്രയോഗിച്ചത്. 'മറ്റുള്ളവരേക്കാൾ കൂടുതൽ ജ്ഞാനം അവകാശപ്പെടുന്നവൻ' എന്നാണ് അതിനർഥം. അഭൗതിക ജ്ഞാനം വാദിക്കുന്ന ഏതൊരാൾക്കും ആ പദം പ്രയോഗിക്കും. മുസ്‌ലിമോ അമുസ്‌ലിമോ പണ്ഡിതനോ പാമരനോ എന്ന യാതൊരു വ്യത്യാസവുമില്ലാതെ. സിദ്ധന്മാരും ആൾദൈവങ്ങളും ഏതു മതത്തിൽ പെട്ടവരാണെങ്കിലും, അവരെ സന്ദർശിക്കാനോ പിൻപറ്റാനോ പാടില്ല എന്നുതന്നെയാണ് പ്രവാചകൻ(സ) പഠിപ്പിക്കുന്നത്.

വിശ്വാസവും കർമങ്ങളും അന്ത്യനാളിൽ നിഷ്ഫലമായിപ്പോവരുതെന്ന് ആഗ്രഹമുള്ളവർ സ്വന്തം ദീനിനെയും വിശ്വാസത്തെയും ഇത്തരം വിശ്വാസ വൈകൃതങ്ങളിൽനിന്ന് രക്ഷിക്കട്ടെ!

**ജഅ്ഫർ എളമ്പിലാക്കോട്**